# ഖുർആൻ ബോധനം

എ.വൈ.ആർ

**630**

സൂറ-15

# അൽ ഹിജ്ർ

6 ഈ ജനം പറയുന്നു: ഹേ വേദം ഇറക്കപ്പെട്ടവനേ, നിസ്സംശയം നീ ഒരു ഭ്രാന്തൻതന്നെ.
7 സത്യവാനെങ്കിൽ മലക്കുകളെ നീ ഞങ്ങൾക്കു മുന്നിൽ കൊണ്ടുവരാത്തതെന്ത്?
8 മലക്കുകളെ നാം അങ്ങനെയൊന്നും ഇറക്കാറില്ല. ന്യായവിധിയും കൊണ്ടേ മലക്കുകൾ ഇറങ്ങൂ. പിന്നെ അവർക്ക് വീണ്ടെടുപ്പിന് അവസരം ലഭിക്കുന്നതല്ല.
9 ഈ വേദം നാം അവതരിപ്പിച്ചതാകുന്നു. നാം തന്നെയാണതിന്റെ സൂക്ഷിപ്പുകാരനും.
10 നിനക്കു മുമ്പ് കഴിഞ്ഞുപോയ സമൂഹങ്ങളിലും നാം ദൈവദൂതന്മാരെ നിയോഗിച്ചിരുന്നു.
11 ഒരു സമൂഹവും തങ്ങളിൽ വന്ന ദൈവദൂതന്മാരെ പരിഹസിക്കാതിരുന്നിട്ടില്ല.
12 പാപഗ്രസ്തമായ മനസ്സുകളിലൂടെ നാം ഉൽബോധനം ഈ വിധം കടത്തിവിടുന്നു.
13 അവർ ഒരിക്കലും അതു വിശ്വസിക്കാൻ പോകുന്നില്ല. പണ്ടുമുതലേ നടന്നുവന്നിട്ടുള്ള, പൂർവീകന്മാരുടെ പാരമ്പര്യമാണത്.

وَقَالُوا۟ يَٰٓأَيُّهَا ٱلَّذِى نُزِّلَ عَلَيْهِ ٱلذِّكْرُ إِنَّكَ لَمَجْنُونٌ ﴿٦﴾
لَّوْ مَا تَأْتِينَا بِٱلْمَلَٰٓئِكَةِ إِن كُنتَ مِنَ ٱلصَّٰدِقِينَ ﴿٧﴾
مَا نُنَزِّلُ ٱلْمَلَٰٓئِكَةَ إِلَّا بِٱلْحَقِّ وَمَا كَانُوٓا۟ إِذًا مُّنظَرِينَ ﴿٨﴾
إِنَّا نَحْنُ نَزَّلْنَا ٱلذِّكْرَ وَإِنَّا لَهُۥ لَحَٰفِظُونَ ﴿٩﴾
وَلَقَدْ أَرْسَلْنَا مِن قَبْلِكَ فِى شِيَعِ ٱلْأَوَّلِينَ ﴿١٠﴾
وَمَا يَأْتِيهِم مِّن رَّسُولٍ إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ ﴿١١﴾
كَذَٰلِكَ نَسْلُكُهُۥ فِى قُلُوبِ ٱلْمُجْرِمِينَ ﴿١٢﴾
لَا يُؤْمِنُونَ بِهِۦ ۖ وَقَدْ خَلَتْ سُنَّةُ ٱلْأَوَّلِينَ ﴿١٣﴾

وَقَالُوٓا۟= അവർ(ഈ ജനം) പറഞ്ഞു يَٰٓأَيُّهَا ٱلَّذِى نُزِّلَ= അല്ലയോ ഇറക്കപ്പെട്ടവനെ عَلَيْهِ= തന്റെമേൽ
ٱلذِّكْرُ= (ദൈവിക) ഉൽബോധനം, വേദം إِنَّكَ= തീർച്ചയായും നീ لَمَجْنُونٌ= ഒരു ഭ്രാന്തൻ തന്നെ
لَّوْ مَا تَأْتِينَا= എന്തുകൊണ്ട് നീ ഞങ്ങൾക്ക്(ളുടെ മുന്നിൽ) കൊണ്ടുവരുന്നില്ല بِٱلْمَلَٰٓئِكَةِ= മലക്കുകളെ إِن كُنتَ= നീ ആണെങ്കിൽ
مِنَ ٱلصَّٰدِقِينَ= സത്യവാ(ൻ)ന്മാരിൽ പെട്ടവൻ مَا نُنَزِّلُ= നാം(അങ്ങനെയൊന്നും) ഇറക്കാറില്ല ٱلْمَلَٰٓئِكَةَ= മലക്കുകളെ
إِلَّا بِٱلْحَقِّ= സത്യം കൊണ്ടല്ലാതെ (ന്യായ വിധിയും കൊണ്ടേ മലക്കുകളിറങ്ങൂ) وَمَا كَانُوٓا۟ إِذًا= അപ്പോൾ (പിന്നെ) അവർക്ക് അല്ല
مُّنظَرِينَ= (വീണ്ടെടുപ്പിന്) അവസരം ലഭിക്കുന്ന(ത്)വർ إِنَّا نَحْنُ= നാം തന്നെ ആകുന്നു نَزَّلْنَا= അവതരിപ്പിച്ചത്
ٱلذِّكْرَ= ഈ ഉൽബോധനം, വേദം وَإِنَّا= തീർച്ചയായും നാം ആണ് لَهُۥ= അതിന്റെ لَحَٰفِظُونَ= സൂക്ഷിപ്പുകാരും തന്നെ
وَلَقَدْ أَرْسَلْنَا= തീർച്ചയായും നാം ദൈവദൂതന്മാരെ നിയോഗിച്ചിരുന്നു مِن قَبْلِكَ= നിനക്കുമുമ്പ്

فِى شِيَعِ ٱلْأَوَّلِينَ= ആദ്യസമൂഹങ്ങളിൽ, കക്ഷികളിൽ

وَمَا يَأْتِيهِم مِّن رَّسُولٍ= ഒരു ദൈവദൂതനും അവരിൽ ചെന്നിട്ടില്ല(തങ്ങളിൽ വന്ന ദൈവദൂതനെ)

إِلَّا كَانُوا۟ بِهِۦ يَسْتَهْزِءُونَ= അവർ അദ്ദേഹത്തെ പരിഹസിക്കുന്നവരായിട്ടല്ലാതെ(ഒരു സമൂഹവും പരിഹസിക്കാതിരുന്നിട്ടില്ല)

كَذَٰلِكَ= ഈ വിധം نَسْلُكُهُۥ= അതിനെ (ഉൽബോധനം) നാം കടത്തിവിടുന്നു

فِى قُلُوبِ ٱلْمُجْرِمِينَ= പാപം ചെയ്യുന്നവരുടെ(പാപഗ്രസ്തമായ) മനസ്സുകളിലൂടെ

لَا يُؤْمِنُونَ بِهِۦ= അവർ അതിൽ വിശ്വസിക്കുകയി(സിക്കാൻ പോകുന്നി)ല്ല

وَقَدْ خَلَتْ= കഴിഞ്ഞുപോയിരിക്കുന്നു(നടന്നുവന്നിട്ടുള്ള) سُنَّةُ ٱلْأَوَّلِينَ= ആദ്യക്കാരുടെ ചര്യ(പൂർവീകരുടെ പാരമ്പര്യമാണത്)

**6–8:** ഖുറൈശികൾ മുഹമ്മദ് നബിക്ക് നേരെ ഉതിർത്തിരുന്ന പരിഹാസോക്തികളിലൊന്നാണ് 'വേദം ലഭിക്കുന്ന പൂമാൻ' എന്നത്. അല്ലാഹുവിങ്കൽനിന്ന് ദിവ്യബോധനവും വേദവും ഇറങ്ങുന്നു എന്നവകാശപ്പെട്ട് പ്രവാചകനും പുണ്യാളനുമായി ചമയുന്ന ആൾ എന്നാണ് ഉദ്ദേശ്യം. അനുസ്മരണം, ജപം, ഉൽബോധനം, ഉപദേശം, പരാമർശം എന്നെല്ലാം അർഥമുള്ള പദമാണ് ذِكْر. ദൈവനാമം ജപിക്കുന്നതിനും സ്തുതി കീർത്തിക്കുന്നതിനും ذِكْر ചൊല്ലുക എന്നുപറയും. അല്ലാഹുവിങ്കൽനിന്നുള്ള ബോധവൽക്കരണത്തെയും വേദപാഠത്തെയും ഉദ്ദേശിച്ചാണ് ഖുർആൻ ٱلذِّكْرُ എന്ന് അധികവും ഉപയോഗിച്ചിട്ടുള്ളത്. ഖുർആൻ ഉൾപ്പെടെയുള്ള എല്ലാ വേദങ്ങളും ٱلذِّكْرُൽ ഉൾപ്പെടുന്നു. മനുഷ്യപ്രകൃതിയിൽ അല്ലാഹു നിക്ഷേപിച്ചിട്ടുള്ള സദ്ബോധത്തെയും നൈസർഗിക ജ്ഞാനത്തെയും ഉണർത്തുകയാണ് വേദങ്ങളും വെളിപാടുകളും ചെയ്യുന്നത്, ഈ അർഥത്തിലാണവ ذِكْر ആകുന്നത്. വിശുദ്ധ ഖുർആനിനെ മാത്രം ഉദ്ദേശിച്ചും ഖുർആൻ പലയിടത്തും ٱلذِّكْرُ എന്നു പറയുന്നുണ്ട്. വരുന്ന 9-ാം സൂക്തത്തിലെ ٱلذِّكْرُ അതിനുദാഹരണമാണ്. ഈയടിസ്ഥാനത്തിൽ ഖുർആനിന്റെ അംഗീകൃത നാമങ്ങളിലൊന്നാണ് ٱلذِّكْرُ എന്ന് പണ്ഡിതന്മാർ സ്ഥിരീകരിച്ചിരിക്കുന്നു.

ഈ സൂക്തം പരാമർശിക്കുന്നവിധം പ്രവാചകനെ പരിഹസിച്ചിരുന്നത് അബ്ദുല്ലാഹിബിൻ അബീ ഉമയ്യഃ, നദ്റുബിൻ ഹാരിസ്, നൗഫൽബിൻ ഖുവൈലിദ്, വലീദ് ബിൻ മുഗീറഃ തുടങ്ങിയ ഖുറൈശി പ്രമുഖന്മാരായിരുന്നുവെന്ന് ഇമാം ഖതാദ പ്രസ്താവിച്ചിരിക്കുന്നു. ദൈവിക സന്ദേശത്തെയും അതു പ്രബോധനം ചെയ്യുന്നവരെയും ഒറ്റയടിക്ക് തള്ളിക്കളയാൻ പ്രതിയോഗികൾ എന്നും സ്വീകരിക്കുന്ന തന്ത്രമാണ് പ്രവാചകന്മാരെയും പ്രബോധകരെയും ഭ്രാന്തന്മാരായി ചിത്രീകരിക്കുക എന്നത്. വക്താവ് ഭ്രാന്തനാണെങ്കിൽ വാക്കുകൾ ഭ്രാന്തജൽപനങ്ങളാവുക അനിവാര്യമാണല്ലോ. മൂസാ നബിയെക്കുറിച്ച് ഫറവോൻ പറഞ്ഞു: إِنَّ رَسُولَكُمُ ٱلَّذِىٓ أُرْسِلَ إِلَيْكُمْ لَمَجْنُونٌ (നിങ്ങളിലേക്കയക്കപ്പെട്ട ദൂതൻ മുഴുഭ്രാന്തൻ തന്നെ– 26: 27) നൂഹ് നബിയോട് അദ്ദേഹത്തിന്റെ സമുദായം പറഞ്ഞതും ഇതുതന്നെ:

كَذَّبَتْ قَبْلَهُمْ قَوْمُ نُوحٍ فَكَذَّبُوا۟ عَبْدَنَا وَقَالُوا۟ مَجْنُونٌ وَٱزْدُجِرَ ﴿٩﴾

(അവർക്കുമുമ്പ് നൂഹിന്റെ ജനവും ഈ സത്യം നിഷേധിച്ചിട്ടുണ്ട്. അവർ നമ്മുടെ ദാസനെ ഭ്രാന്തനെന്നാരോപിച്ചു. അദ്ദേഹം രൂക്ഷമായി വിരട്ടപ്പെട്ടു – 54:9).

كَذَٰلِكَ مَآ أَتَى ٱلَّذِينَ مِن قَبْلِهِم مِّن رَّسُولٍ إِلَّا قَالُوا۟ سَاحِرٌ أَوْ مَجْنُونٌ ﴿٥٢﴾

(ഇവർക്കു മുമ്പ് ജനങ്ങളിൽ വന്നിട്ടുള്ള ഒരു ദൂതനെയും അവർ ഇപ്രകാരം ആഭിചാരകനെന്നോ ഭ്രാന്തനെന്നോ ആരോപിക്കാതിരുന്നിട്ടില്ല – 51:52).

ഖുറൈശികളുടെ വാദം ഇതാണ്: ഈ ചങ്ങാതി നമ്മുടെ മുന്നിൽവന്ന് താൻ ദൈവം നിയോഗിച്ച പ്രവാചകനാണെന്നവകാശപ്പെട്ടുകൊണ്ട് വിചിത്രമായ തത്ത്വങ്ങളും സിദ്ധാന്തങ്ങളും പറയുന്നു. എല്ലാം നമ്മുടെ പാരമ്പര്യ വിശ്വാസങ്ങൾക്കും ആചാരങ്ങൾക്കും വിരുദ്ധമായത്. നമ്മൾ നമ്മുടെ മഹിതമായ പാരമ്പര്യങ്ങളൊക്കെ ഉപേക്ഷിച്ച് അയാളെ പിന്തുടരണമത്രെ. എന്നാൽ അയാൾ ദൈവദൂതനാണെന്നതിന്റെ തെളിവെന്താണ്? അയാളുടെ വാക്കു തന്നെ! അയാൾ പറയുന്നതൊക്കെ ദൈവിക സന്ദേശമാണെന്നതിന്റെ തെളിവോ? അതും അയാളുടെ വാക്ക് തന്നെ!! ഒരു മുഴുഭ്രാന്തനല്ലാതെ ഇങ്ങനെയൊക്കെ പറഞ്ഞു നടക്കുമോ? ഇയാളെ വിശ്വസിച്ച് നാം നമ്മുടെ പൈതൃക വിശ്വാസങ്ങൾ കൈയൊഴിക്കുകയോ أَئِنَّا لَتَارِكُوٓا۟ ءَالِهَتِنَا لِشَاعِرٍ مَّجْنُونٍ- (ഒരു ഭ്രാന്തൻ കവിക്കു വേണ്ടി നമ്മുടെ ദൈവങ്ങളെ ഉപേക്ഷിക്കുകയോ? – 37: 36).

ഈ ചങ്ങാതി പറയുന്നത് സത്യം തന്നെയാണെങ്കിൽ അയാൾക്കൊപ്പം ഒരു മലക്കു ഇറങ്ങിവന്ന് അയാളുടെ ദൈവനിയോഗം നമ്മോട് സാക്ഷ്യപ്പെടുത്തേണ്ടതല്ലേ? മറ്റൊരിടത്തു ഈ ചോദ്യം ഉന്നയിക്കുന്നതിങ്ങനെയാണ്: لَوْلَآ أُنزِلَ إِلَيْهِ مَلَكٌ فَيَكُونَ مَعَهُۥ نَذِيرًا (അയാളിലേക്ക് ഒരു മലക്കിനെ ഇറക്കുകയും മലക്ക് അയാളോടൊപ്പം ഒരു മുന്നറിയിപ്പുകാരനാവുകയും ചെയ്യാത്തതെന്ത് – 25:7). മറ്റൊരിടത്ത് ഇത്തരം ആവശ്യങ്ങളുടെ മൂലം അഹന്തയും പരലോകവിശ്വാസമില്ലായ്മയുമാണെന്ന് സൂചിപ്പിച്ചിരിക്കുന്നു:

۞ وَقَالَ ٱلَّذِينَ لَا يَرْجُونَ لِقَآءَنَا لَوْلَآ أُنزِلَ عَلَيْنَا ٱلْمَلَٰٓئِكَةُ أَوْ نَرَىٰ رَبَّنَا ۗ لَقَدِ ٱسْتَكْبَرُوا۟ فِىٓ أَنفُسِهِمْ وَعَتَوْ عُتُوًّا كَبِيرًا ﴿٢١﴾

(നമ്മെ കണ്ടു മുട്ടുമെന്ന് പ്രതീക്ഷിക്കാത്തവർ ചോദിക്കുന്നു: നമ്മിലേക്ക് മലക്കുകൾ അയക്കപ്പെടാത്തതെന്ത്? അല്ലെങ്കിൽ വിധാതാവിനെ ഞങ്ങൾ നേരിൽ കാണാത്തതെന്ത്? അവർ തങ്ങളെക്കുറിച്ച് വല്ലാതെ നിഗളിച്ച് ധിക്കാരത്തിൽ അതിരു കവിഞ്ഞിരിക്കുന്നു – 25:21).

മലക്കുകളുടെ ആഗമനം ആവശ്യപ്പെടുന്നതിന് മറ്റൊരു

താൽപര്യവും കൂടിയുണ്ട്. ഇയാളെ നിഷേധിച്ചാൽ നാം ദൈവശിക്ഷക്കിരയാകുമെന്നും ഇയാൾക്കും കൂട്ടർക്കും വമ്പിച്ച വിജയ സൗഭാഗ്യങ്ങളുണ്ടാവാൻ പോകുന്നുവെന്നും പറയുന്നുണ്ടല്ലോ. പക്ഷേ, ഇയാളെക്കാളും കൂട്ടരെക്കാളും ആയിരമിരട്ടി മെച്ചമാണിപ്പോൾ നമ്മുടെ അവസ്ഥ. നമ്മൾ നാട്ടിൽ പ്രമാണിമാരും സമ്പന്നരും ആദരണീയരുമാണ്. ഇവരോ, മർദിതർ, ബഹിഷ്കൃതർ, ആട്ടിയോടിക്കപ്പെടുന്നവർ, ദരിദ്രപ്പരിഷകൾ. അവരാണ് പറയുന്നത്, തങ്ങളുടെ നേതാവിനെ മലക്കുകൾ സന്ദർശിച്ചുകൊണ്ടിരിക്കുന്നുവെന്ന്. ദൈവത്തിന്റെ മലക്കുകളുമായി നിത്യസമ്പർക്കമുള്ളവന്റെ അവസ്ഥ ഇത്ര ശോചനീയമാവുകയോ? ഇനി അയാൾ പറയുന്നത് ശരിയാണെങ്കിൽ തന്നെ സന്ദർശിക്കുന്ന മലക്കുകളെ അയാൾ നമ്മുടെ മുന്നിലൊന്നും കൊണ്ടുവരാത്തതെന്തേ? അയാളെ ദ്രോഹിക്കുന്നവർ ശിക്ഷിക്കപ്പെടുമെന്നാണല്ലോ ഭീഷണി. എങ്കിൽ നമ്മൾ അയാളെ ഏറെ ദ്രോഹിച്ചുകഴിഞ്ഞില്ലേ? ഇനിയും അയാൾ പറയുന്ന ശിക്ഷയുമായി മലക്കുകളൊന്നും ഇറങ്ങിവരാത്തതെന്തേ?

ഈ ചോദ്യത്തിന് അല്ലാഹു നൽകുന്ന മറുപടി, മലക്കുകൾ ന്യായവിധിയുമായിട്ടല്ലാതെ ഇറങ്ങിവരില്ലെന്നും അവർ വന്നാൽ പിന്നെ ധിക്കാരികൾക്ക് അവസരമുണ്ടാവില്ലെന്നുമാണ്. بِٱلْحَقِّ എന്ന വാക്യത്തെയാണ് ന്യായവിധി എന്ന് തർജമ ചെയ്തിട്ടുള്ളത്. സത്യവുമായി, യാഥാർഥ്യവുമായി എന്നിങ്ങനെയും അർഥമാവാം. حَقَّ ٱلْقَوْلُ എന്നാൽ വചനം സാക്ഷാത്കരിച്ചു, അഥവാ അത് നടപ്പിലായി എന്നാണർഥം. ശിക്ഷാവിധി നടപ്പിലാക്കാനാണ് മലക്കുകൾ ഇറങ്ങുക, അല്ലാതെ നിങ്ങളെ മലക്കുകളുടെ സാന്നിധ്യം ബോധ്യപ്പെടുത്താനോ താക്കീത് ചെയ്യാനോ ആയിരിക്കുകയില്ല. അതുകൊണ്ട് മലക്കുകൾ ഇറങ്ങിക്കഴിഞ്ഞാൽ പിന്നെ നിങ്ങൾക്ക് അന്ധവിശ്വാസങ്ങളിൽ നിന്നും അനാചാരങ്ങളിൽനിന്നും സത്യത്തിലേക്കും ധർമത്തിലേക്കും മടങ്ങാൻ സന്ദർഭവും സൗകര്യവും ലഭിക്കുകയില്ല; ഈ ലോകത്തും പരലോകത്തും നിത്യ ദുരിതത്തിലകപ്പെടുകയേ നിർവാഹമുണ്ടാകൂ.

ദൈവവിശ്വാസം, സത്യസന്ധത, ധാർമികത തുടങ്ങിയവ മനുഷ്യൻ നേരിടുന്ന പരീക്ഷണങ്ങളാണ്. ദൈവത്തെ നേരിൽ കാണാതെ നൈസർഗിക ചോദനകളിലൂടെ ദൃഷ്ടാന്തങ്ങളുടെ സഹായത്തോടെ അംഗീകരിക്കുകയാണ് ദൈവവിശ്വാസം. ദൈവം മൂർത്ത രൂപത്തിൽ ഇന്ദ്രിയ ഗോചരമായി കഴിഞ്ഞാൽ പിന്നെ അവിടെ വിശ്വാസം അപ്രസക്തമാകുന്നു. മലക്കുകളും കാണപ്പെടാതെ വിശ്വസിക്കേണ്ട യാഥാർഥ്യമാണ്. അവർ നേരിൽ പ്രത്യക്ഷപ്പെടുന്നതോടെ പരീക്ഷണം അവസാനിക്കുന്നു. പിന്നെ അതുവരെ നടന്ന പരീക്ഷയുടെ ഫലമനുഭവിക്കേണ്ട ഘട്ടമാണ്. അതിനാൽ ആളുകൾ ആവശ്യപ്പെടുന്നതനുസരിച്ച് അല്ലാഹു അവരിലേക്ക് മലക്കുകളെ അയക്കാറില്ല. അതിന് മുമ്പ് അവർക്ക് പുനർവിചാരത്തിനും വീണ്ടെടുപ്പിനും ധാരാളം അവസരം നൽകുന്നു. ഈ അവസരങ്ങളെല്ലാം, അസത്യത്തിലും അധർമത്തിലും മുന്നേറാൻ മാത്രം ഉപയോഗപ്പെടുത്തുന്നവർ ഒടുവിൽ അതിന്റെ അനിവാര്യമായ അന്ത്യത്തിൽ എത്തിച്ചേരുന്നു. അപ്പോഴാണ് മലക്കുകൾ ഇറങ്ങിവരുന്നത്. അവർ വന്നാൽ പിന്നെ ശിക്ഷാ നടപടിക്ക് വിധേയരാകാനല്ലാതെ മറ്റൊന്നിനും ആ സമൂഹത്തിനവസരമുണ്ടാവില്ല.

**9:** ഖുർആൻ ഭ്രാന്ത ജൽപനങ്ങളാണെന്ന അവിശ്വാസികളുടെ ആക്ഷേപത്തിനു നൽകുന്ന ഈ മറുപടി പ്രവാചകന്റെയും വിശ്വാസികളുടെയും മനഃസ്ഥൈര്യം ശക്തിപ്പെടുത്താൻ കൂടിയുള്ളതാണ്. അതായത്, അവിശ്വാസികൾ ഈ മഹത്തായ വേദത്തെ വിലമതിക്കുകയും ആദരിക്കുകയും ചെയ്യുന്നില്ലെങ്കിൽ പ്രവാചകനും വിശ്വാസികളും വിഷമിക്കേണ്ടതില്ല; ആരും ആവശ്യപ്പെടുകയോ ആഗ്രഹിക്കുകയോ ചെയ്യാതെ അല്ലാഹു തന്നെയാണ് ഇത് താങ്കൾക്ക് അവതരിപ്പിച്ചുതന്നത്. ആരുടെയെങ്കിലും നിഷേധം കൊണ്ടോ എതിർപ്പ് കൊണ്ടോ അത് അങ്ങനെയല്ലാതായിത്തീരുന്നില്ല. നിഷേധികൾക്കും വിരോധികൾക്കും അത് താറുമാറാക്കാനോ ഇല്ലാതാക്കാനോ കഴിയുകയുമില്ല. അല്ലാഹു തന്നെ എക്കാലത്തും അത് അന്യൂനമായി സംരക്ഷിച്ചുകൊണ്ടിരിക്കും. ഇക്കൂട്ടർ നിഷേധിച്ചതുകൊണ്ട് ഖുർആനിന് ഒന്നും സംഭവിക്കാനില്ല. ഖുർആന്റെ വാഹകരും പ്രചാരകരുമാകാനുള്ള ഭാഗ്യം നഷ്ടപ്പെടുന്നത് അവർക്കാണ്. അതു നെഞ്ചിലേറ്റാനും പ്രബോധനം ചെയ്യാനും അല്ലാഹു മറ്റൊരു വിഭാഗത്തെ കണ്ടെത്തും. അവർ എന്തു വില കൊടുത്തും പാവനമായ ആ ചുമതല നിറവേറ്റുകയും ചെയ്യും. സൂറ *അൽ അൻആം* 89-ാം സൂക്തത്തിൽ ഈ ആശയം ഇങ്ങനെ വ്യക്തമാക്കിയിട്ടുണ്ട്: فَإِن يَكْفُرْ بِهَا هَٰٓؤُلَآءِ فَقَدْ وَكَّلْنَا بِهَا قَوْمًا لَّيْسُوا۟ بِهَا بِكَٰفِرِينَ (ഈ ജനം ഇത് സ്വീകരിക്കാൻ കൂട്ടാക്കുന്നില്ലെങ്കിൽ വേണ്ട, നിഷേധിക്കുന്നവരല്ലാത്ത മറ്റൊരു ജനത്തെ നാം അതേൽപിച്ചിരിക്കുന്നു). അതായത് അവരിത് കൈക്കൊള്ളുന്നുവെങ്കിൽ അതുവഴിയുള്ള ഇഹപര സൗഭാഗ്യങ്ങൾ അവർക്കുതന്നെ. തങ്ങളുടെ ദൗർഭാഗ്യവും നികൃഷ്ടതയും മൂലം തള്ളിക്കളയുകയാണെങ്കിൽ അതേറ്റെടുക്കാൻ മറ്റൊരു ജനം മുന്നോട്ടുവരും. അല്ലാഹു അവരുടെ മനസ്സിനെ അതുൾക്കൊള്ളാൻ തുറന്നു കൊടുക്കും. അതുവഴി അക്കൂട്ടർ ഇഹത്തിലും പരത്തിലും സൗഭാഗ്യം നേടുകയും ചെയ്യും.

إِنَّا نَحْنُ نَزَّلْنَا എന്ന വാക്കിൽ 'തീർച്ചയായും നാം മാത്രമാണ്' എന്ന് ഖുർആൻ അവതരണത്തിന്റെ കർതൃത്വം അല്ലാഹുവിൽ ആവർത്തിച്ചുറപ്പിക്കലുണ്ട്. അതിന്റെ ധ്വനി ഇതാണ്: നീയോ മറ്റു വല്ലവരുമോ ആവശ്യപ്പെട്ടിട്ട് അവതരിപ്പിച്ചു തരുന്നതല്ല ഈ ഖുർആൻ. നമ്മുടെ ഇഷ്ടവും തീരുമാനവും അനുസരിച്ച് മാത്രമാണത് നിനക്കവതരിപ്പിച്ചത്. അത് ആളുകളെ കൊണ്ട് എങ്ങനെയെങ്കിലും സ്വീകരിപ്പിക്കുക നിന്റെ ഉത്തരവാദിത്വമല്ല. ജനങ്ങൾക്ക് അത് യഥാവിധി എത്തിച്ചുകൊടുക്കുകയും പ്രബോധനം ചെയ്യുകയും മാത്രമാണ് നിന്റെ ചുമതല. നീ അക്കാര്യം നോക്കിയാൽ മതി. ഈ വേദത്തിന്റെ നിലനിൽപിന്റെയും സുരക്ഷിതത്വത്തിന്റെയും പ്രശ്നം നമ്മിൽ നിക്ഷിപ്തമാണ്. അതിനു വേണ്ട സംവിധാനങ്ങൾ നാം തന്നെ ചെയ്തുകൊള്ളും. അല്ലാഹുവിന്റെ ഈ വാഗ്ദത്തം ഏതെല്ലാം രൂപത്തിൽ പൂർത്തീകരിക്കപ്പെട്ടുവെന്നതിന് ഇന്നുവരെയുള്ള ചരിത്രം വ്യക്തമായ മറുപടി നൽകുന്നുണ്ട്.

അറബി ഭാഷ ഇന്നും ജനകോടികളുടെ സംസാര ഭാഷയായി നിലനിൽക്കുന്നുവെന്നതുതന്നെ ഖുർആൻ തനിമയോടെ നിലനിൽക്കുന്നതിന്റെ ഏറ്റം പ്രകടമായ ഉപാധിയാകുന്നു. ഹീബ്രു, സുറിയാനി, സംസ്കൃതം തുടങ്ങിയ മറ്റു മിക്ക വൈദിക ഭാഷകളും ഒന്നുകിൽ തീരെ മാഞ്ഞുപോവുകയോ അല്ലെങ്കിൽ ജനസംസാരത്തിൽ നിന്ന് പിൻവാങ്ങി

ഏതാനും ഭാഷാ ഗവേഷകരുടെ പഠനവിഷയം മാത്രമായി അവശേഷിക്കുകയോ ചെയ്യുന്നു. ജനസംസാരത്തിൽ നിന്നുള്ള ഭാഷയുടെ നിഷ്ക്രമണം ആ ഭാഷയിലെ വാമൊഴികളിലും വരമൊഴികളിലും കാലാന്തരത്തിൽ രൂപമാറ്റങ്ങളും അർഥവ്യതിയാനങ്ങളും സംഭവിക്കാൻ വിശാലമായ അവസരങ്ങൾ സൃഷ്ടിക്കുന്നു. ഖുർആന്റെ അവതരണ വേളയിൽ തന്നെ അനേകമാളുകൾ അത് വരമൊഴിയായി രേഖപ്പെടുത്തുകയും വാമൊഴിയായി ഹൃദിസ്ഥമാക്കുകയും ചെയ്തുകൊണ്ടിരുന്നു. അന്നു മുതൽ ഇന്നുവരെ ആയിരക്കണക്കിൽ ഹാഫിളുകൾ (ഖുർആൻ സമ്പൂർണമായി മനഃപാഠമാക്കിയവർ) എന്നും ലോകത്തുണ്ടായിക്കൊണ്ടിരുന്നു. പ്രവാചകനിൽ നിന്ന് നേരിട്ട് കേട്ട് ഹൃദിസ്ഥമാക്കുകയും എഴുതുകയും ചെയ്ത വാമൊഴികളെയും വരമൊഴികളെയും ആധാരമാക്കി, ഒന്നാം ഖലീഫ അബൂബക്കർ സിദ്ദീഖിന്റെ കാലത്തുതന്നെ ഖുർആന്റെ ഔദ്യോഗിക പാഠം തയാറാക്കി സൂക്ഷിച്ചു. മുസ്‌ലിം സമൂഹം അറേബ്യക്ക് പുറത്തേക്ക് വളർന്നപ്പോൾ മൂന്നാം ഖലീഫ ഉസ്മാന്റെ കാലത്ത് ഈ ഔദ്യോഗിക മുസ്ഹഫ് എല്ലാ ദേശങ്ങളിലേക്കും എത്തിക്കുകവഴി വ്യത്യസ്തവും പ്രക്ഷിപ്തവുമായ ഖുർആൻ പാഠങ്ങളുണ്ടാവാനുള്ള പഴുതുകൾ കൊട്ടിയടച്ചു. മലക്ക് ജിബ്‌രീൽ മുഹമ്മദ് നബിക്ക് ഓതിക്കൊടുത്തതും അദ്ദേഹം ശിഷ്യന്മാർക്ക് ഓതിക്കൊടുത്തതുമായ അതേ അക്ഷരങ്ങൾ തന്നെയാണ് ലോകമെങ്ങും ഇന്നും ഖുർആൻ ആയി ഓതിക്കൊണ്ടിരിക്കുന്നത്. തർജമകളിലും വ്യാഖ്യാനങ്ങളിലും വ്യത്യാസങ്ങളുണ്ടാവാം. അവയൊന്നും അല്ലാഹു അവതരിപ്പിച്ച ഖുർആൻ അല്ല. മാനുഷിക രചനകളാണ്. മൗലികമായ ഖുർആൻ അറബി ഭാഷയിലാണ്. അതാണ് യാതൊരു ഏറ്റക്കുറവും മാറ്റത്തിരുത്തലുമില്ലാതെ നിലനിൽക്കുന്നത്. തനിമയിലും മൗലികതയിലുമുള്ള അചഞ്ചലവും അസന്ദിഗ്ധവുമായ ഈ ഉറപ്പ് അച്ചടി സമ്പ്രദായത്തിന് മുമ്പ് ലോകത്തുണ്ടായിട്ടുള്ള ഒരു ഗ്രന്ഥത്തിനും അവകാശപ്പെടാനാവാത്തതാണ്.

**10–13:** വിശ്വാസം, വീക്ഷണം, ആചാര സമ്പ്രദായങ്ങൾ തുടങ്ങിയവയിൽ ഐക്യപ്പെട്ടവരുടെ സംഘമാണ് شيعة. വിഭാഗം, ഗ്രൂപ്പ്, പാർട്ടി, സമുദായം തുടങ്ങിയ അർഥങ്ങളിലും ഉപയോഗമുണ്ട്. ഇവിടെ വിവക്ഷ സമുദായമാണ്. شيعة-ന്റെ ബഹുവചനമാണ് شِيَع. سَلَكَയുടെ ഉത്തമ പുരുഷ വർത്തമാന രൂപമാണ് نسلك. പ്രവേശിച്ചു, സഞ്ചരിച്ചു, ആചരിച്ചു, നൂണ്ടു കടന്നു എന്നെല്ലാമാണ് سلكയുടെ അർഥം. ഇത് അകർമകമായും സകർമകമായും ഉപയോഗിക്കുന്നു. ഇവിടെ 'നാം പ്രവേശിപ്പിക്കുന്ന' എന്ന് സകർമകമായിട്ടാണ് ഉപയോഗിച്ചിരിക്കുന്നത്. ഇതിന്റെ മൂലപദമായ *സുലൂക്കി*ന് ചര്യ, നടപടിക്രമം എന്നും അർഥമുണ്ട്. *നസ്‌ലുക്കുഹു* എന്നതിലെ 'ഹു' എന്ന സർവനാമം ഏതിനോട് ബന്ധപ്പെട്ടിരിക്കുന്ന എന്ന കാര്യത്തിൽ വ്യാഖ്യാതക്കൾക്കിടയിൽ വീക്ഷണ വ്യത്യാസമുണ്ട്. പ്രവാചക സന്ദേശം, അല്ലെങ്കിൽ നേരത്തെ പരാമർശിച്ച ٱلذِّكۡرُ ആണതെന്ന് ചിലർ പറയുന്നു. ഇതാണ് ഭൂരിപക്ഷാഭിപ്രായം. സത്യനിഷേധമാണ് സൂചിതമെന്ന് വേറെ ചിലർ പറയുന്നു.

വചന താൽപര്യമിതാണ്: പ്രവാചകാ, താങ്കളുടെ സമുദായം താങ്കളെയും ഈ ഖുർആനെയും തള്ളിക്കളയുന്നതിൽ അത്ഭുതപ്പെടാനോ കുണ്ഠിതപ്പെടാനോ യാതൊന്നുമില്ല. സത്യപ്രബോധകന്മാരെ ആളുകൾ പട്ടുവിരിച്ച് സ്വാഗതം ചെയ്യാറില്ല. പരിഹാസം, മർദനം, ബഹിഷ്കരണം ഇതൊക്കെ എല്ലാ പ്രവാചകന്മാർക്കും അവരുടെ സമുദായങ്ങളിൽ നിന്ന് ധാരാളം നേരിടേണ്ടിവന്നിട്ടുള്ളതാണ്. പ്രവാചകൻ എത്തിയ മാത്രയിൽ കെട്ടിപ്പിടിച്ച് സ്വീകരിച്ച ഒരു സമുദായവുമില്ല. അതുകൊണ്ട് ഇവരുടെ പരിഹാസവും പുഛവും കേട്ട് ഒട്ടും ശിഥില ഹൃദയനാവരുത്.

وَكَأَيِّن مِّن نَّبِيٍّ قَٰتَلَ مَعَهُۥ رِبِّيُّونَ كَثِيرٌ فَمَا وَهَنُواْ لِمَآ أَصَابَهُمۡ
فِي سَبِيلِ ٱللَّهِ وَمَا ضَعُفُواْ وَمَا ٱسۡتَكَانُواْۗ وَٱللَّهُ يُحِبُّ ٱلصَّٰبِرِينَ

(എത്രയോ പ്രവാചകന്മാർ കഴിഞ്ഞുപോയിരിക്കുന്നു. ധാരാളം ദൈവഭക്തന്മാർക്ക് പ്രവാചകനോടൊപ്പം യുദ്ധം ചെയ്യേണ്ടിവന്നിട്ടുണ്ട്. അല്ലാഹുവിന്റെ മാർഗത്തിൽ നേരിടേണ്ടിവന്ന വിപത്തുകളെച്ചൊല്ലി അവർ ഭീരുക്കളായിട്ടില്ല. ദുർബലരായിട്ടുമില്ല. ശത്രുക്കൾക്ക് മുമ്പിൽ കീഴടങ്ങിയിട്ടുമില്ല. ഇത്തരം സഹനശീലരെയത്രെ അല്ലാഹു സ്നേഹിക്കുന്നത് - 3:146)

അനാചാരങ്ങളിലും അധർമങ്ങളിലുമാണ്ട് പാപഗ്രസ്തമായ ഹൃദയങ്ങളിലൂടെ പ്രവാചക സന്ദേശങ്ങൾ ചേമ്പിലയിലൂടെ ജലകണങ്ങളെന്നപോലെ കടന്നുപോവുകയേയുള്ളൂ. അത് ആ ഹൃദയങ്ങളെ ആർദ്രമാക്കുകയോ അതിലടിഞ്ഞുകൂടിയ അഴുക്കുകൾ കഴുകിക്കളയുകയോ ഇല്ല. അവർ ഒരു ചെവിയിലൂടെ കേട്ട് മറു ചെവിയിലൂടെ പുറംതള്ളുന്നു. ഒന്നും ഉൾക്കൊള്ളുകയോ അംഗീകരിക്കുകയോ ചെയ്യുന്നില്ല. *നസ്‌ലുക്കുഹു*വിലെ 'ഹു' സൂചിപ്പിക്കുന്നത് സത്യനിഷേധത്തെയും ധിക്കാരത്തെയുമാണ് എന്ന് വെക്കുമ്പോൾ ആശയം ഇങ്ങനെയാകുന്നു: പ്രവാചകൻ പ്രബോധനം ചെയ്യുന്ന സമുദായങ്ങളിൽ പലരും പാപപങ്കിലരായിരിക്കും. അതുകൊണ്ടാണവർ പ്രവാചകന്മാരെ പരിഹസിക്കാനും ആക്രമിക്കാനും ധൃഷ്ടരാകുന്നത്. പാപപങ്കിലമായ മനസ്സുകളിൽ സത്യനിഷേധവും ധാർഷ്ട്യവും കടന്നുകൂടുക എന്നത് അല്ലാഹു വിധിച്ച പ്രകൃതിയുടെ അനിവാര്യതയാണ്. സ്വന്തം മനസ്സിന്റെ മാലിന്യങ്ങളും വൈരൂപ്യങ്ങളും കണ്ടെത്തുന്നവർക്കേ അതിൽ നിന്ന് രക്ഷപ്പെടാനാകൂ. വിചാരത്തിന്റെയും കർമത്തിന്റെയും മാലിന്യങ്ങളെ സൗന്ദര്യങ്ങളായും സൗരഭ്യങ്ങളായും കാണുന്നവർ പ്രവാചകൻ എത്രയൊക്കെ ആവർത്തിച്ച് പ്രബോധനം ചെയ്താലും സത്യ-ധർമങ്ങൾ കൈക്കൊള്ളാൻ പോകുന്നില്ല. മനുഷ്യ ചരിത്രത്തിൽ ഇന്നോളം നടന്നുവന്നിട്ടുള്ള സമ്പ്രദായമാണത്. ■